# 03/01/2010

## യൽദായ്ക്കുശേഷം രണ്ടാം ഞായർ

### യോഹ 1 : 29-34

ക്രിസ്തുവിന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ കർത്താവായ യേശുവിനെ ലോകത്തിന് പരിചയപ്പെടുത്തി. "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്". പഴയനിയ പശ്ചാത്തലം മനസ്സിലാക്കിയാൽ യോഹന്നാന്റെ ഈ പ്രയോഗത്തിന്റെ ബൈബിൾ അർത്ഥം ഗ്രഹിക്കാനാകും.

ദൈവം മോശയോട് അരുളിചെയ്തു. അഹറോൻ ഇസ്രയേൽ സമൂഹത്തിന്റെ പാപപരിഹാരതത്ിനായി രണ്ട് ആൺ കോലാടുകളെ തിരഞ്ഞെടുക്കണം" (ലേവ്യ 16:5). "അഹറോൻ കുറിയിട്ട് ആടുകളിലൊന്നിനെ കർത്താവിനും മറ്റൊന്നിനെ അസസേലിനുമായി നിശ്ചയിക്കണം" (ലേവ്യ 16:8). "... അസസേലിനായി കുറിവീണ ആടിനെ പാപപരിഹാരം ചെയ്യുന്നതിനും അസസേലിനായി മരുഭൂമിയിലേക്ക് വിട്ടയയ്ക്കുന്നതിനുംവേണ്ടി ജീവനോടെ കർത്താവിന്റെ മുമ്പിൽ നിർത്തണം (ലേവ്യ 16:10). "അതിന്റെ തലയിൽ കൈവച്ച് അഹറോൻ ഇസ്രയേൽ ജനങ്ങളുടെ എല്ലാ അകൃത്യങ്ങളും അക്രമങ്ങളും പാപങ്ങളും ഏറ്റുപറയണം. അവയെല്ലാം അതിന്റെ ശിരസ്സിൽ ചുമത്തി, ഒരുങ്ങി നിൽക്കുന്ന ഒരാളുടെ കൈവശം അതിനെ മരുഭൂമിയിലേക്ക് വിടണം. കോലാട് അവരുടെ കുറ്റങ്ങൾ വഹിച്ചുകൊണ്ട് വിജനപ്രദേശത്തേക്കു പോകട്ടെ. ആടിനെ നയിക്കുന്ന ആൾ അതിനെ മരുഭൂമിയിൽ ഉപേക്ഷിക്കണം" (ലേവ്യ 16:21-22). ഇസ്രയേലിന്റെ പാപങ്ങൾ ഈ കുഞ്ഞാട് യേശുക്രിസ്തിവിന്റെ പഴയനിയമ പ്രതീകമാണ്. ഈ ബൈബിൾ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് സ്നാപകയോഹന്നാൻ പറയുന്നത്: 'ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'.

ക്രിസ്തു ഇസ്രയേലിന്റെ മാത്രമല്ല ആദിമാതാപിതാക്കൾ മുതലുള്ള സർവ്വമനുഷ്യരുടെയും ലോകം മുഴുവന്റെയും പാപങ്ങൾ വഹിച്ച് കവാടത്തിന് പുറത്തുവച്ച് കൊല്ലപ്പെടാനുള്ള കുഞ്ഞാടാണ്. അതുകൊണ്ട് സ്നാപക യോഹന്നാൻ പറഞ്ഞു 'ഇതാ ലോകത്തിന്റെ പാപങ്ങങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്".

ഏശയ്യായും പ്രവചിക്കുന്നു: "... നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി. അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു" (ഏശ 53 : 6, 7). നമ്മുടെ പാപങ്ങങ്ങൾ സ്വന്തം ശിരസ്സിൽ വഹിക്കുകയും അവയ്ക്ക് സ്വന്തം രക്തത്തിലൂടെ പരിഹാരം ചെയ്ത കുഞ്ഞാടാണ് ക്രിസ്തു.

യേശു തന്റെ രക്തത്തിലൂടെ ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കും പരിഹാരം ചെയ്യുകയും ചെയ്ത ദൈവം നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയാണ്; നമ്മുടെ മാത്രമല്ല ലോകം മുഴുവന്റെയും പാപങ്ങൾക്ക്" (1 യോഹ 2:2). നമ്മുടെ ജീവിതങ്ങളെയും പാപപരിഹാരബലിയായി അർപ്പിക്കാൻ നമുക്ക് കഴിയട്ടെ.

യേശുക്രിസ്തു താൻ ചിന്തിയ രക്തത്തിലൂടെ നമ്മെ വിശുദ്ധീകരിച്ചു. "അവിടുത്തെ പുത്രനായ യേശുവിന്റെ രക്തം എല്ലാ പാപങ്ങളിലുംനിന്ന് നമ്മെ ശുദ്ധീകരിക്കപ്പെട്ടവരാണ്; ശുദ്ധീകരിക്കപ്പെടുന്നവരാണ് നമ്മൾ. യേശുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെട്ടതു

കൊണ്ട് ആ വിശുദ്ധിയിൽ നിലനിൽക്കുന്നതിന് നമുക്ക് കടമയുണ്ട്. നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? വിശുദ്ധിയോ? അശുദ്ധിയോ?

നമ്മൾ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണെന്ന് പത്രോസ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. നിങ്ങൾ വീണ്ടെടുക്കപ്പെട്ടത്, "കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടത്രെ (1 പതോരോ 1:19). വീണ്ടെടുക്കപ്പെട്ടവർ രക്ഷയിൽ നിലനിൽക്കണം. രക്ഷിതാവസ്ഥയിൽ പാപാവസ്ഥയിലേക്ക് കുതിയ്ക്കരുത്. പാപത്തിൽ തുടരുന്നെങ്കിൽ വീണ്ടെടുക്കപ്പെട്ടതുകൊണ്ട് എന്തുപ്രയോജനം?

പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ സ്വർഗ്ഗത്തിൽനിന്നറങ്ങി യേശുവിന്റെമേൽ ആവസിക്കുന്നതു കണ്ടാണ് യേശു ദൈവപുത്രനാണെന്ന് യോഹന്നാൻ അറിഞ്ഞത്. പൊലോസ് എഴുതുന്നു. "ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണെങ്കിൽ നമ്മളും ദൈവത്തിന്റെ മക്കളാണെന്ന് അതുവഴി മറ്റുള്ളവർ അറിയും. നമ്മെ അനുദിനം നയിക്കുന്നതാരാണ്? ദൈവാത്മാവോ? അശുദ്ധാത്മാവോ? പരിശുദ്ധാത്മാവിലുള്ള ജീവിതമാണ് നമ്മൾ ദൈവമക്കളാണെന്ന് ലോകത്തിന് വെളിപ്പെടുത്തുന്നത്. നമ്മുടെ ജീവിതം വെളിപ്പെടുത്തുന്നത് വിശുദ്ധിയോ? അശുദ്ധിയോ?

യേശുക്രിസ്തു സ്വരക്തത്താൽ നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്തു. അങ്ങനെ നാം രക്ഷിക്കപ്പെട്ടു. അവൻ നമ്മുടെ പാപങ്ങൾ ഉന്മൂലനം ചെയ്തു. നമ്മൾ ഇന്ന് എന്താണ് ചെയ്യുന്നത്? വിശുദ്ധിയിൽ വളരുകയാണോ? അതോ പാപങ്ങൾ വർദ്ധിപ്പിക്കുകയാണോ? നമ്മുടെ പാപങ്ങൾ വഹിക്കാൻ ക്രിസ്തുവുണ്ടെന്ന കാരണത്താൽ പാപങ്ങൾ ചെയ്തു കൂട്ടുന്നത് തികഞ്ഞ ക്രൂരതയും മാരകപാപവുമാണ്. നമ്മുടെയും നമ്മുടെ കുടുംബങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്ക് ക്രിസ്തുവിനോട് ചേർന്ന് പരിഹാരം ചെയ്യാൻ നമുക്ക് കടമയുണ്ട്. പ്രാർത്ഥന, ഉപവാസം, പരിഹാരപ്രവർത്തികൾ എന്നിവയിലൂടെ നമ്മുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്ക് പരിഹാരം ചെയ്തുകൊണ്ട് നമ്മുടെ ലോകത്തിന്റെ, കുടുംബത്തിന്റെ, പാപങ്ങൾ നീക്കാൻ ക്രിസ്തുവിനോടൊത്ത് നമുക്ക് പരിശ്രമിക്കാം. സ്വയവിശുദ്ധീകരണത്തിലൂടെ ലോകത്തെ നമുക്ക് വിശുദ്ധീകരിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ!